# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ

ചോദ്യം നമ്പർ:4925

24.07.15 -ൽ മറുപടിക്ക്

### കുട്ടനാട് വികസന പാക്കേജ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി<br>ശ്രീ. പി.കെ.ബഷീർ<br>ശ്രീ.എൻ. ഷംസുദ്ദീൻ<br>ശ്രീ.എം.ഉമ്മർ : | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കുട്ടനാട് വികസന പാക്കേജിൽപ്പെടുന്ന പദ്ധതികളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ സാമ്പത്തിക ചെലവിലും പദ്ധതി നടത്തിപ്പിലും ഉണ്ടായിട്ടുള്ള പുരോഗതി സംബന്ധിച്ച വിശദവിവരം നൽകാമോ; | (എ) കുട്ടനാട് പാക്കേജിന്റെ ഭാഗമായി ജലവിഭവവകുപ്പ് വിഭാവനം ചെയ്ത പദ്ധതികളുടെ വിശദാംശവും നിലവിലെ സ്ഥിതിയും അനുബന്ധം I ആയി ചേർത്തിരിക്കുന്നു. |
| (ബി) കാലാവധിയും, പ്രവർത്തനാനുമതിയും ദീർഘിപ്പിച്ച നൽകിയതുമൂലം ഏതൊക്കെ പദ്ധതികൾക്കാണ് പ്രയോജനം ലഭിക്കുന്നത് എന്ന് വ്യക്തമാക്കുമോ; | (ബി) നിലവിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന താഴെ പറയുന്ന പദ്ധതികൾക്ക് കേന്ദ്ര സർക്കാർ സമയം നീട്ടി നൽകിയിട്ടുണ്ട്. |

| സ്കീമിന്റെ പേര് | നീട്ടിക്കിട്ടിയ സമയപരിധി |
|---|---|
| കെ.ഇ.എൽ.-1 | 31-03-2015 |
| കെ.ഇ.എൽ.-2 | 31-03-2015 |
| കെ.ഇ.എൽ.-3 | 31-12-2016 |
| കെ.ഇ.എൽ.-4 | 31-12-2016 |

| ചോദ്യം | മറുപടി |
|---|---|
| (സി) പ്രസ്തുത പദ്ധതികൾ ഏതൊക്കെ ഏജൻസികളാണ് നടപ്പാക്കുന്നതെന്നും അവ നിശ്ചിത കാലാവധിക്കകം പൂർത്തിയാക്കാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനമെന്തെന്നും മോണിട്ടറിംഗിന് എന്തു ക്രമീകരണം ഏർ പ്പെടുത്തി യിട്ടുണ്ടെന്നും വിശദമാക്കുമോ? | (സി) പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ ചീഫ് എഞ്ചിനീയർ കുട്ടനാട് പാക്കേജിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട് പ്രസ്തുത പദ്ധതികൾ ഏതൊക്കെ ഏജൻസികളാണ് നടപ്പാക്കുന്നതെന്ന വിവരം അനുബന്ധം II ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

JSK/

അനുബന്ധം I

## വെള്ളപ്പൊക്കനിയന്ത്രണ പദ്ധതികൾ (ഫ്ളഡ് മാനേജ്മെന്റ് സ്കീം)

1. **കെ. ഇ. എൽ. - I** നെടുമുടി പഞ്ചായത്തിലെ 14 പാടശേഖരങ്ങളുടെ പുറംബണ്ട് സംരക്ഷണത്തിനായി 24.7 കോടി അടങ്കൽ വരുന്ന പദ്ധതി 28.01.2010-ൽ കേന്ദ്ര ടി.എ. സി. അംഗീകരിക്കുകയും 12.07.2010-ൽ കൂടിയ കേന്ദ്രഎംപവ്വേർഡ് കമ്മിറ്റി അംഗീകാരം നൽകുകയും തുടർന്ന് കേന്ദ്രവിഹിതത്തിന്റെ ആദ്യ ഗഡുവായി 7.425 കോടി രൂപാ റിലീസ് ചെയ്യുകയും ചെയ്തു. അംഗീകരിച്ച 24.7 കോടി രൂപായുടെ പദ്ധതി 14 പ്രവർത്തികളായി ടെൻഡർ ചെയ്യുകയും അവ പുരോഗമിച്ചുകൊണ്ടിരിക്കുകയുമാണ്. ഈ സ്കീമിൽ ഇതുവരെ 10 പാടശേഖരങ്ങളുടെ പണികൾ പൂർത്തീകരിക്കുകയും 14.59 കോടി രൂപ ചെലവാക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിക്ക് 30-01-2015 ൽ കേന്ദ്ര സർക്കാർ 2.4813 കോടി രൂപ കൂടി അനുവദിച്ചു.
2. **കെ. ഇ. എൽ. - II** കായൽ നിലങ്ങളിലെ 9 പാടശേഖരങ്ങളുടെ പുറംബണ്ട് സംരക്ഷണത്തിനായി 118.913 കോടി അടങ്കൽ വരുന്ന പദ്ധതി 12.05.2010-ൽ കേന്ദ്ര ടി.എ. സി. അംഗീകരിക്കുകയും 12.07.2010-ൽ കൂടിയ കേന്ദ്രഎംപവ്വേർഡ് കമ്മിറ്റി അംഗീകാരം നൽകുകയും തുടർന്ന് കേന്ദ്രവിഹിതത്തിന്റെ ആദ്യ ഗഡുവായി 15 കോടി രൂപാ റിലീസ് ചെയ്യുകയും ചെയ്തു. അംഗീകരിച്ച 118.913 കോടി രൂപായുടെ പദ്ധതി 3 പ്രവർത്തികളായി ടെൻഡർ ചെയ്യുകയും അവ ഇപ്പോൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഈ സ്കീമിൽ ഇതുവരെ 99.79 കോടി രൂപ ചെലവായിട്ടുണ്ട്. ഈ പദ്ധതിക്ക് 30-01-2015 ൽ കേന്ദ്ര സർക്കാർ 50.8643 കോടി രൂപ കൂടി അനുവദിച്ചു.
3. **കെ. ഇ. എൽ. - III** 231 പാടശേഖരങ്ങളുടെ പുറംബണ്ട് സംരക്ഷണത്തിനായി 379.05 കോടി അടങ്കൽ വരുന്ന പദ്ധതിക്ക് ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ലഭിച്ചിട്ടുണ്ട്. 18.08.2011 ൽ കൂടിയ കേന്ദ്രഎംപവ്വേർഡ് കമ്മിറ്റി അതിൽ 106.13 കോടിക്ക് അംഗീകാരം നൽകുകയും തുടർന്ന് ആദ്യ ഗഡുവായി 30 കോടി രൂപാ റിലീസ് ചെയ്യുകയും ചെയ്തു. ഈ പദ്ധതിയിൽപ്പെട്ട പ്രവൃത്തികൾ ഇപ്പോൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഈ സ്കീമിൽ ഇതുവരെ 25 പാടശേഖരങ്ങളുടെ പണികൾ പൂർത്തീകരിക്കുകയും 51.48 കോടി രൂപ ചെലവാക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിക്ക് 30-01-2015 ൽ കേന്ദ്ര സർക്കാർ 1.8750 കോടി രൂപ കൂടി അനുവദിച്ചു.
4. **കെ. ഇ. എൽ. - IV** - ഓണാട്ടുകര പ്രദേശത്തെ 12 നീർത്തടങ്ങളിലെ വെള്ളപ്പൊക്ക നിവാരണത്തിനായി 248.39 കോടി അടങ്കൽ വരുന്ന പദ്ധതിക്ക് ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ലഭിച്ചിട്ടുണ്ട്. 15.12.2011-ൽ കൂടിയ കേന്ദ്രഎംപവ്വേർഡ് കമ്മിറ്റി അതിൽ 70 കോടിക്ക് അംഗീകാരം നൽകുകയും തുടർന്ന് ആദ്യ ഗഡുവായി 11.25 കോടി രൂപാ റിലീസ് ചെയ്യുകയും ചെയ്തു. ഈ പദ്ധതി 12 നീർത്തട പദ്ധതികളായി തിരിച്ച് ടെണ്ടർ ചെയ്യുകയും ചെയ്തു. ഇതിന്റെ പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഈ

സ്കീമിൽ ഇതുവരെ 2 പ്രവൃത്തികൾ പൂർത്തീകരിക്കുകയും 14.85 കോടി രൂപ ചെലവാക്കിയിട്ടുണ്ട്.

5. <u>കുട്ടനാട് താലൂക്കിലെ 398 പാടശേഖരങ്ങളുടെ വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ</u>

കുട്ടനാട് താലൂക്കിൽപ്പെട്ട 398 പാടശേഖരങ്ങൾ ചേർത്ത് 3.10.2013-ലെ ഉത്തരവ് ജി. ഒ. (ആർ.റ്റി.) നം.1072/2013/ഡബ്ല്യു.ആർ.ഡി. പ്രകാരം 758.39 കോടി രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. പ്രവൃത്തികളുടെ ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. ഇതിന് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം കൂടി ലഭിക്കേണ്ടതുണ്ട്. ടി പദ്ധതിയിൽപ്പെട്ട മുഴുവൻ പ്രവർത്തികൾക്കും ടെൻഡർ നടപടി പൂർത്തീകരിച്ചെങ്കിലും ഭൂരിഭാഗം പ്രവൃത്തികൾക്കും കരാറുകാരിൽനിന്ന് പ്രതികരണം ലഭിക്കാത്തതിനാൽ റീടെൻഡർ ചെയ്യുകയും 83 പ്രവൃത്തികൾക്ക് പ്രതികരണം ലഭിക്കുകയും ചെയ്തു. ഈ സ്കീമിൽ ഇതുവരെ 2 പ്രവൃത്തികൾ പൂർത്തീകരിക്കുകയും 1.50 കോടി രൂപ ചെലവാക്കുകയും ചെയ്തിട്ടുണ്ട്.

6. **<u>തണ്ണീർമുക്കം ബണ്ടിന്റെയും തോട്ടപ്പള്ളി സ്പിൽവേയുടെയും നവീകരണം</u>**

തണ്ണീർമുക്കം ബണ്ടിന് 255.335 കോടി രൂപയുടെയും തോട്ടപ്പള്ളി സ്പിൽവേയുടെയും നവീകരണത്തിനായി 13.49 കോടി രൂപയുടേയും പദ്ധതി റിപ്പോർട്ട് ആണ് തയ്യാറാക്കിയത്. ടി പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. തോട്ടപ്പള്ളി സ്പിൽവേയ്ക്ക് FMP പദ്ധതിയിൽ അംഗീകാരം ലഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ പദ്ധതിയുടെ ടെണ്ടർ നടപടികൾ ഇറിഗേഷൻ മെക്കാനിക്കൽ വിഭാഗം നടത്തി പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. തോട്ടപ്പള്ളി സ്പിൽവേയുടെ പദ്ധതി ചിലവ് 40-കോടിയിൽ താഴെ ആയതിനാൽ കേന്ദ്ര ജലകമ്മീഷന്റെ പുതുക്കിയ മാർഗ്ഗനിർദ്ദേശപ്രകാരം FMP പദ്ധതിയിൽ 12-ാം പദ്ധതിയിൽ ഏറ്റെടുക്കുവാൻ കഴിയുകയില്ല. ആയതിനാൽ ചുറ്റുമുള്ള പാടശേഖരങ്ങളുടെ പുറംബണ്ടു നിർമ്മാണവുംകൂടെ ഉൾക്കൊള്ളിച്ചുകൊണ്ട് 47 കോടി രൂപക്ക് പുതുക്കിയ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഇതിന് കേന്ദ്രഗവൺമെന്റിന്റെ അംഗീകാരം ലഭിക്കേണ്ടതുണ്ട്. ഈ പദ്ധതിയുടെ കീഴിലുള്ള 2 പ്രവൃത്തികൾ ഇറിഗേഷൻ മെക്കാനിക്കൽ വിഭാഗത്തിന്റെ മേൽനോട്ടത്തിൽ നടത്തിവരുന്നു. കായൽ ഭാഗത്തെ ലീഡിംഗ് ചാനലിന്റെ ആഴം കൂട്ടൽ പ്രവൃത്തി ഡിപ്പാർട്ട്മെന്റ് മുഖേന നടത്തി വരുന്നു. ഷട്ടറുകളുടെ നവീകരണം 2-ാംമത്തെ റീടെൻഡറിനുശേഷം എഗ്രിമെന്റ് നടപടികൾ പൂർത്തിയായി പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

***<u>13-ാം ധനകാര്യ കമ്മീഷൻ മുഖേന നടപ്പാക്കുന്ന പദ്ധതികൾ.</u>***

1. **തലയാഴം പഞ്ചായത്തിലെ കരിയാർ നദിയുടെ കുറുകെ ഉള്ള ബ്രഡ്ജ് കം റെഗുലേറ്ററിന്റെ നിർമ്മാണം.**

പുതുക്കിയ എസ്റ്റിമേറ്റ് തുക - 28.72 കോടി

പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണം പൂർത്തീകരിച്ചു.

2. **ആലപ്പുഴ ജില്ലയിലെ പട്ടണക്കാട് പ്രദേശത്തെ റെഗുലേറ്ററുകളുടെ പുനഃരുദ്ധാരണം.**

*എ) പട്ടണക്കാട് പഞ്ചായത്തിലെ അന്തകാരനാഴി റെഗുലേറ്റർ കം ബ്രിഡ്ജിന്റെപുനർനിർമ്മാണവും പുനഃരുദ്ധാരണവും.*

പുതുക്കിയ എസ്റ്റിമേറ്റ് തുക - 3.32 കോടി

പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു.

*ബി) എഴുപുന്ന പഞ്ചായത്തിലെ പേനടി റെഗുലേറ്ററിന്റെ പുനർനിർമ്മാണവും പുനഃരുദ്ധാരണവും*

പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണം പൂർത്തീകരിച്ചു.

*സി) കുത്തിയതോട് പഞ്ചായത്തിലെ പുല്ലുവേലി റെഗുലേറ്ററിന്റെ പുനർനിർമ്മാണവുംപുനഃരുദ്ധാരണവും*

പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണം പുരോഗമിക്കുന്നു. ഇതുവരെ ചെലവാക്കിയ തുക 30.65 ലക്ഷം രൂപയാണ്.

*ഡി) വയലാർ പഞ്ചായത്തിലെ ചാത്തൻചിറ തോട്ടിലെ ചാത്തൻചിറ പാലത്തിനു സമീപം മടയുടേയും സംരക്ഷണഭിത്തിയുടേയും നിർമ്മാണം*

എസ്റ്റിമേറ്റ് തുക - 0.05 കോടി

പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണം പൂർത്തീകരിച്ചു.

3. ***എ. സി. കനാൽ വിപുലീകരിച്ച് പ്രളയ-ജല-നിർഗമനം സുഗമമാക്കൽ:***

**<u>ഒന്നാം ഘട്ടം: - മനയ്ക്കൽചിറ മുതൽ ഒന്നാംകര വരെ</u>**

6.09.2012–ൽ ടി. പദ്ധതിയ്ക്ക് 20.67 കോടി രൂപയ്ക്ക് 13–ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വഴി നടപ്പിലാക്കുവാൻ ഭരണാനുമതി ലഭിച്ചു. ടി. പദ്ധതിയിൽ *എ. സി. കനാലിന്റെ ആഴം കൂട്ടൽ, കിടങ്ങാപ്പാലം പുനർ-നിർമ്മാണം, പാറക്കൽ കലുങ്ക് പുനർ-നിർമ്മാണം, സംരക്ഷണ ഭിത്തിയുടെ നിർമ്മാണം ബണ്ട് റോഡ് കൈയ്യേറ്റക്കാരെ ഒഴിപ്പിക്കൽ* എന്നീ പ്രവർത്തികൾ ഉൾപ്പെടുത്തിയിരുന്നു. 9.07.2013–ൽ ബഹുമാനപ്പെട്ട ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഏറ്റവും അത്യാവശ്യമായ പ്രവൃത്തികൾമാത്രം ഉൾക്കൊള്ളിച്ചുകൊണ്ട് ടി. പ്രവൃത്തി നടപ്പാക്കാൻ നിർദ്ദേശിച്ചു. ആയതുപ്രകാരം എ. സി. കനാലിന്റെ ആഴം കൂട്ടലും, സംരക്ഷണ ഭിത്തിയുടെ നിർമ്മാണവും മാത്രം ഉൾപ്പെട്ട (5.8 കോടി രൂപയ്ക്ക്) പ്രവൃത്തികൾ ടെൻഡർ ചെയ്തിട്ടുണ്ട്. കിടങ്ങാപ്പാലത്തിന്റെ അംഗീകരിച്ച ഡിസൈൻ പ്രകാരം വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ടി. പ്രവൃത്തിയ്ക്ക് നാളിതുവരെ 5.99 കോടി രൂപ ചിലവഴിച്ചു.

ധനകാര്യ വിശകലനങ്ങൾ

| വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ (തുക കോടിയിൽ) | | | | | | |
|---|---|---|---|---|---|---|
| നമ്പർ | പദ്ധതി | അടങ്കൽ തുക | ലഭിച്ച കേന്ദ്ര വിഹിതം | ലഭിച്ച സംസ്ഥാന വിഹിതം | ആകെ ലഭിച്ച തുക | ആകെ ചെലവഴിച്ച തുക |
| 1 | കെ. ഇ. എൽ. – 1 | 24.70 | 7.425 | 7.1606 | 14.5856 | 14.5856 |
| | | | *2.4813 | | | |
| 2 | കെ. ഇ. എൽ. – 2 | 118.91 | 15 | 84.7939 | 99.7939 | 99.7939 |
| | | | *50.8643 | | | |
| 3 | കെ. ഇ. എൽ. – 3 | 379.05 | 30 | 21.5339 | 51.5339 | 51.485 |
| | | | *1.875 | | | |
| 4 | കെ. ഇ. എൽ. – 4 | 248.39 | 11.25 | 3.75 | 15 | 14.85 |
| ആകെ | | 771.053 | 63.675 | 117.2384 | 180.9134 | 180.7145 |

* ജനുവരി മാസം 2015-ൽ 55.2206 കോടി രൂപ കേന്ദ്ര വിഹിതമായി ലഭിച്ചു

| 13–ാം ധനകാര്യ കമ്മീഷൻ അവാർഡ് പദ്ധതികൾ (തുക കോടിയിൽ) | | | | |
|---|---|---|---|---|
| നമ്പർ | പദ്ധതി | അടങ്കൽ തുക | ആകെ ലഭിച്ച തുക | ആകെ ചെലവഴിച്ച തുക |
| 1 | കരിയാർ – റെഗുലേറ്റർ കം ബ്രഡ്ജ് | 28.7 | 28.70 | 27.4239 |
| 2 | പട്ടണക്കാട് പ്രദേശത്തെ റെഗുലേറ്ററുകളുടെ പുനഃരുദ്ധാരണം | 5.29 | 4.72 | 3.613 |
| 3 | എ. സി. കനാൽ നിർമ്മാണം ഒന്നാം ഘട്ടം | 20.67 | 5.00 | 5.99 |
| ആകെ | | 54.66 | 38.42 | 37.02 |

സെക്ഷൻ ഓഫീസർ

JSK/

അനുബന്ധം II

**കെ.ഇ.എൽ-1,സ്കീമിൽ** 14 പ്രവൃത്തികൾ ഉള്ളതിൽ 10 എണ്ണം പൂർത്തീകരിച്ചു. ബാക്കിയുള്ള 4 പ്രവൃത്തിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

(എ) വെണ്ണേലി പാടം - ഏറ്റെടുത്തിരിക്കുന്ന ഏജൻസി തളിപ്പറമ്പിൽ കൺസ്ട്രക്ഷൻ കമ്പനി - 96% പുരോഗതി കൈവരിച്ചിട്ടുണ്ട് ഈപ്രവൃത്തി ആഗസ്റ്റ് മാസാവസാനം പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) പുളിക്കകാവ് പാടം - ഏറ്റെടുത്തിരിക്കുന്ന ഏജൻസി- എബ്രഹാം പോൾ-88% പുരോഗതി കൈവരിച്ചിട്ടുണ്ട് ഈപ്രവൃത്തി ആഗസ്റ്റ് മാസാവസാനം പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) മഠത്തിൽ മുല്ലക്കൽ പാടശേഖരം- ഏറ്റെടുത്തിരിക്കുന്ന ഏജൻസി- ഇ.എ.റഹീം ചവറ കൊല്ലം-53% പുരോഗതി കൈവരിച്ചിട്ടുണ്ട് ഇപ്പോൾ പ്രവൃത്തികൾ പുരോഗമിക്കാത്തതിനാൽ ടെർമിനേഷൻ നടപടികൾ ആലോചിച്ചുവരുന്നു.

(ഡി) മാന്ത്രക്കൽ ഗണപതി പാടശേഖരം- ഏറ്റെടുത്തിരിക്കുന്ന ഏജൻസി- ടി.കെ.ജോർജ്കുട്ടി- പിറവം, എറണാകുളം .ശ്രീ.പി.കെ.മോഹൻ ഈ പ്രവൃത്തി ഏറ്റെടുക്കുകയും 37% പൂർത്തീകരിച്ചതിനുശേഷം തുടർ പ്രവൃത്തികൾ ഒന്നും തന്നെ ചെയ്യാത്തതിനാൽ ഇദ്ദേഹത്തിനെ ടെർമിനേറ്റ് ചെയ്യുകയും ശ്രീ.ടി.കെ.ജോർജ്കുട്ടി- പിറവം, എറണാകുളത്തെ ഏല്പിക്കുകയും ചെയ്തു. ഇദ്ദേഹം 16% പ്രവൃത്തികൾ പൂർത്തീകരിച്ചു.

**കെ.ഇ.എൽ-2 ,സ്കീമിൽ** 3 പ്രവൃത്തികളാണുള്ളത്. ഈ മൂന്നു പ്രവൃത്തികളും ആഗസ്റ്റ് മാസം പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.. സിഡി റാണി ചിത്തിര പാടശേഖരങ്ങളുടെ വെള്ള പൊക്ക നിർമാർജ്ജന പ്രവൃത്തികളും പുറം ബണ്ടു നിർമ്മാണവും M/S Mary Matha construction company , Muvattupuzha ആണ് ഏറ്റെടുത്തിരിക്കുന്നത്. മൂന്നാമത്തെ പ്രവൃത്തിയായ E H I D ബ്ലോക്കുകളുടെ പുറം ബണ്ട് നിർമ്മാണം M/S.EKK & Company Perumbavoor ആണ് ഏറ്റെടുത്തിരിക്കുന്നത്.

**കെ.ഇ.എൽ-3 ,സ്കീമിൽ** 58 പ്രവൃത്തികളാണ് തിരുമാനിച്ചിട്ടുള്ളത് ഇതിൽ 27 പ്രവൃത്തികൾ പൂർത്തീകരിച്ചു. ബാക്കി 31 പാടശേഖരങ്ങളുടെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

**കെ.ഇ.എൽ-4 ,സ്കീമിൽ** 17 പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. 2 പ്രവൃത്തികൾ പൂർത്തീകരിച്ചു.

സെക്ഷൻ ഓഫീസർ

JSK/